ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ബോർഡിൽ നിന്നുള്ള വായ്പയിൽ കുടിശ്ശിക തുക 157.50 കോടി രൂപയായിരുന്നു. ടി തുക സമയബന്ധിതമായി അടയ്ക്കാതെ വന്നതിലുള്ള പലിശയും പിഴപ്പലിശയും കൂടാതെ RR ഇനത്തിൽ ലഭിക്കാനുള്ള തുകയുൾപ്പെടെ തിരിച്ചടവ് നീക്കി ഇനി 189 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയനുസരിച്ച് 110.75 കോടി രൂപയുടെ ഇളവ് ചെയ്തു കൊടുത്തിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ നിന്നും ഭവനനിർമ്മാണ ബോർഡിന് വിവിധ വായ്പാ പദ്ധതികളിലായി 31-12-2010-ലെ കണക്കനുസരിച്ച് 58.65 കോടി രൂപ പിരിഞ്ഞിട്ടുകിട്ടാനുണ്ട്. 1977 മുതൽ 1996 വരെ നടപ്പിലാക്കിയിരുന്ന ദുർബ്ബല വിഭാഗവായ്പക്കാരുടെ വായ്പ ഇനത്തിൽ വയനാട് ജില്ലയിൽ 2.35 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്.

സ്വാമിനാഥൻ പാർപ്പിട പദ്ധതി

254(961) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാമിനാഥൻ പാർപ്പിട പദ്ധതിപ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കളുടെ കുടിശ്ശിക എഴുതിത്തള്ളി ആധാരം തിരികെ കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളും വിശദവിവരവും അറിയിക്കുമോ ;

(ബി) മറ്റെതൊക്കെ പാർപ്പിട പദ്ധതി പ്രകാരം വായ്പ ലഭിച്ച ഗുണഭോക്താക്കളുടെ കുടിശ്ശികയാണ് എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വാമിനാഥൻ പാർപ്പിട പദ്ധതി ഭവനനിർമ്മാണ വകുപ്പിന്റെ കീഴിൽ വരുന്ന പദ്ധതിയില്ല.

(ബി) 20-5-2009-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 21/2009/ഭവനം പ്രകാരം ഭവന നിർമ്മാണത്തിനായി ഹൗസിംഗ് ബോർഡ് മുഖേന വായ്പ എടുത്തതും ദുർബല വിഭാഗത്തിൽപ്പെട്ടതും ആയ 1977 മുതൽ 1996 വരെയുള്ള താഴെപ്പറയുന്ന വായ്പാ പദ്ധതികൾ എഴുതി തള്ളിയിട്ടുണ്ട് :

1. EWS അർബൻ.
2. കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി
3. ഹഡ്കോ 80 പദ്ധതി
4. സന്നദ്ധ സംഘടന സഹായത്താടെ നടപ്പിലാക്കിയ പദ്ധതി (SASH)

LIBRARY ARCHIVES Kerala Legislative Assembly

5. 1984-ലെ പ്രളയ ദുരിതാശ്വാസ പദ്ധതി

6. പുനരധിവാസ ഭവന നിർമ്മാണ പദ്ധതി 3-ഉം 4-ഉം ഘട്ടങ്ങൾ

7. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി (1992-1995)

8. കൈരളി ഭവന നിർമ്മാണ പദ്ധതി

9. GIC ഭവന പദ്ധതി

10. ബീഡി തൊഴിലാളികൾക്കുള്ള ഭവന പദ്ധതി (1990)

11. കൈത്തറി നെയ്ത്തു തൊഴിലാളികൾക്കുള്ള പദ്ധതി (1991)

12. കേരള ചെത്തു തൊഴിലാളി ക്ഷേമ ഭവന പദ്ധതി (1979-80)

13. രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി (1991-92)

14. അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസയോഗ്യമാക്കുന്ന പദ്ധതി (1987-1996)

15. ജില്ലാ കളക്ടർമാർ മുഖേന നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി

16. മൈത്രി ഭവന പദ്ധതി

ഹൗസിംഗ് ലോൺ എഴുതിത്തള്ളുന്നതിന് നടപടി

255(962) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണത്തിനായി ഹൗസിംഗ് ബോർഡിൽ നിന്നും ലോണെടുത്ത് കടക്കെണിയിലായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) വൺ ടൈം സെറ്റിൽമെന്റിൽ (ഒ.ടി.എസ്.) തീർപ്പാക്കുന്ന ഇത്തരം ലോണുകളുടെ പലിശ ഉൾപ്പെടെ ഒഴിവാക്കിക്കൊടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ :

(സി) ഹൗസിംഗ് ബോർഡ് വഴി സംസ്ഥാനത്ത് മൊത്തം എത്ര പേരാണ് നിലവിൽ ഭവന നിർമ്മാണത്തിന് ലോൺ എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly